# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 20**

---

## എം.ജി സർവകലാശാലയിൽ അന്താരാഷ്ട്ര സാഹിത്യ സെമിനാർ നാളെ മുതൽ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സാഹിത്യ സമ്മേളനം നാളെ(ഓഗസ്റ്റ് 22) ആരംഭിക്കും. 'ലിംഗവത്കരിക്കപ്പെട്ട ഇടങ്ങൾ- സാഹിത്യവ്യവഹാരങ്ങളിലെ ഗതിമാനങ്ങൾ' എന്ന വിഷയത്തിലുള്ള സെമിനാർ നാളെ രാവിലെ പത്തിന് സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.*

*സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. സജി മാത്യു അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എഴുത്തുകാരിയും ആക്ടിവിസ്റ്റുമായ മീന കന്തസ്വാമി മുഖ്യപ്രഭാഷണം നടത്തും. സമ്മേളനത്തിന്റെ കോ-ഓർഡിനേറ്റർ കെ.എസ്. സുസ്മിത ആമുഖ പ്രഭാഷണം നടത്തും.*

*ആദ്യ ദിവസം വിവിധ സെഷനുകളിൽ എ.പി. അബ്ദുസലാം ഡോ. വി. ശാരദാ ദേവി, ഡോ. ടോണി സെബാസ്റ്റ്യൻ എന്നിവർ സംസാരിക്കും. വൈകുന്നേരം ആറിന് 'ലിംഗവൈജാത്യങ്ങളുടെ ദൃശ്യാവിഷ്കാരങ്ങൾ മലയാള സിനിമയിലെ ഉടലാഖ്യാനങ്ങൾ' എന്ന വിഷയത്തിൽ നടക്കുന്ന പാനൽ ചർച്ചയിൽ ചലച്ചിത്ര സംവിധായകൻ ജിയോ ബേബി, ശീതൾ ശ്യാം, ജോളി ചിറയത്ത്, ഡോ. അനു പാപ്പച്ചൻ എന്നിവർ പങ്കെടുക്കും. ചലച്ചിത്ര സംവിധായകൻ സിദ്ധാർത്ഥ് ശിവ മോഡറേറ്ററാകും.*

*സമാപന ദിവസമായ ഓഗസ്റ്റ് 23ന് പ്ലീനറി സെഷനുകളിൽ ഡോ. ജോസഫ് ലോലെലസ്, ഡോ. ജിസ ജോസ്, എം. അനുരാജ്, ആദിവാസി ഗോത്ര മഹാസഭാ പ്രസിഡന്റ് സി.കെ. ജാനു എന്നിവർ സംസാരിക്കും. 'ലിംഗപദവി വിഭവാധികാരം, ഭാഷയുടെ സാമൂഹിക നിർമ്മിതി; ഇന്ത്യൻ ജാതി ഘടനയിൽ' എന്ന വിഷയത്തിൽ വൈകുന്നേരം ആറിനു നടക്കുന്ന പാനൽ ചർച്ചയിൽ സി.കെ. ജാനു, പുഷ്പമ്മ, ആദി,*

*അലീന ആകാശമിഠായി, ഡോ. മായ പ്രമോദ് എന്നിവർ സംസാരിക്കും. ഡോ. ലിൻസി കെ. തങ്കപ്പൻ മോഡറേറ്ററാകും.*
*(പി.ആർ.ഒ/39/1960/2025)*

## ഓണം അവധി

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകൾക്കും പഠന വകുപ്പുകൾക്കും സെന്ററുകൾക്കും ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ എട്ടുവരെ ഓണം അവധിയായിരിക്കും. അവധിക്കുശേഷം സെപ്റ്റംബർ ഒൻപതു മുതൽ തുറന്നുപ്രവർത്തിക്കും.*
*(പി.ആർ.ഒ/39/1961/2025)*

## സ്പോട്ട് അഡ്മിഷൻ

*മൂലമറ്റം സെൻറ് ജോസഫ് അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ചിൽ ബിപിഇഎഡ് പ്രോഗ്രാമിൽ മൂന്നു സീറ്റുകൾ ഒഴിവുണ്ട്. സർവകലാശാലാ ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള വിദ്യാർഥികൾ ഓഗസ്റ്റ് 25നു രാവിലെ 7.30 ന് അസ്സൽ രേഖകളുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ എത്തണം.*

*അഡ്മിഷൻ നടപടികളുടെ ഭാഗമായി കായികക്ഷമതാ പരീക്ഷ, എഴുത്തു പരീക്ഷ, സർട്ടിഫിക്കറ്റ് പരിശോധന എന്നിവ അന്നുതന്നെ നടത്തും. ഫോൺ- 0481-2733377*
*(പി.ആർ.ഒ/39/1962/2025)*

## പ്രാക്ടിക്കൽ

*ഒന്നാം വർഷ എംഎസ്സി മെഡിക്കൽ മൈക്രോബയോളജി, എംഎസ്സി കമ്പ്യൂട്ടർ സയൻസ് (2024 അഡ്മിഷൻ റഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് ജൂലൈ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 26 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/1963/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി സുവോളജി (2023 അഡ്മിഷൻ തോന്നവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്നംബർ നാലു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1964/2025)*

## പരീക്ഷ തീയതി

*മോഡൽ ഒന്ന് ആനുവൽ സ്കീം ബിഎ, ബിഎസ്സി, ബികോം പാർട്ട് -1 ഇംഗ്ലീഷ് പരീക്ഷകൾ സെപ്നംബർ 15 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1965/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**